**പതിന്നാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1831** **14.08.2017-ൽ മറുപടിക്ക്**

# അർബുദ രോഗ ചികിത്സാ വിദഗ്ദ്ധർ

| ചോദ്യം<br>ശ്രീ. ഡി.കെ. മുരളി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ അർബുദ രോഗചികിത്സാ വിദഗ്ധർ ഉണ്ടോ;<br>(ബി) ഏതൊക്കെ ആശുപത്രികളിലാണ് അർബുദ രോഗ ചികിത്സ വിദഗ്ധർ ഉള്ളത്; വിശദ വിവരങ്ങൾ നൽകുമോ; | (എ) & (ബി ) | റേഡിയോളജി യോഗ്യതയോ റേഡിയോ ഡയഗ്നോസ്റ്റിക്സ് യോഗ്യതയോ ഉള്ള ഡോക്ടർമാരെയാണ് ജൂനിയർ കൺസൾട്ടന്റ് (റോഡിയോളജി/റേഡിയോ ഡയഗ്നോസ്റ്റിക്സ്) തസ്തികയിൽ നിയമിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട മാതൃകാ ജില്ലാശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ടി വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് തസ്തികയുണ്ട്. നിലവിൽ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്പെഷ്യലിസ്റ്റുകൾ റേഡിയോ ഡയഗ്നോസ്റ്റിക്സ് യോഗ്യത നേടിയവരാണ്. റേഡിയോളജി യോഗ്യതയുള്ള സ്പെഷ്യലിസ്റ്റുകളാണ് അർബുദ രോഗ ചികിത്സ നടത്താറുള്ളത്. ആയതിനാൽ നിലവിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ അർബുദ രോഗ ചികിത്സാ വിദഗ്ദ്ധർ തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നില്ല. ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്നതിന് തിരുവനന്തപുരം ജനറൽ ആശുപത്രിയ്ക്ക് ഫണ്ട് അനുവദിക്കുകയുണ്ടായി. 2 ഡോക്ടർ, 4 സ്റ്റാഫ് നഴ്സ് എന്നിവർക്ക് തിരുവനന്തപുരം ആർ.സി.സിയിൽ വെച്ച് അർബുദ ചികിത്സയ്ക്കുള്ള വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാം മെഷീൻ വാങ്ങി നൽകുകയും സ്തനാർബുദ പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വർദ്ധിച്ചു വരുന്ന രോഗബാധിതരെ കണക്കിലെടുത്ത് പ്രസ്തുത തസ്തികകളുടെ എണ്ണം കൂടുതൽ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? വിശദമാക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ